
## അബൂസാലിം ചേന്ദമംഗല്ലൂർ

# ശൈഖ് നാസ്വിറുദ്ദീൻ അൽബാനി



*ശൈഖ് നാസ്വിറുദ്ദീൻ അൽബാനി*

**ഹദീസ്** വിജ്ഞാനീയങ്ങളിൽ യുഗപ്രഭാവനാണ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി. ആധുനിക ഇസ്‌ലാമിക പണ്ഡിത ലോകം ഇത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഹദീസുകൾ സംശോധന നടത്തി നെല്ലും പതിരും വേർതിരിക്കുന്നതിൽ അദ്ദേഹത്തിനുള്ള അഗാധജ്ഞാനം എന്നും മുസ്‌ലിം ലോകം വാഴ്ത്തും, തീർച്ച.

ശൈഖ് അൽബാനി, അബൂഅബ്ദിർറഹ്മാൻ എന്നീ പേരുകളിലറിയപ്പെടുന്ന മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി ക്രി. 1914 (ഹി. 1332)ലാണ് ജനിച്ചത്. അൽബേനിയൻ തലസ്ഥാനമായിരുന്ന സ്കോഡറി(SHKODER)ൽ ദരിദ്ര മുസ്‌ലിം കുടുംബത്തിൽ പിറന്ന അൽബാനി പിതാവ് അൽഹാജ് നൂഹുന്നജാത്തിയിൽനിന്ന് ദീനീപാഠങ്ങളും സംസ്കാരവും പഠിച്ചു.

ആയിടക്കാണ് മതചിഹ്നങ്ങളെ തള്ളിപ്പറയുന്ന കമാൽ അത്താത്തുർക്കിന്റെ കാൽപാടുകൾ പിന്തുടർന്ന് അഹ്മദ് സോഗോ അൽബേനിയയിൽ രാജാവായത്. മത-സാമൂഹിക രംഗങ്ങളിൽ പല വിലക്കുകളും അദ്ദേഹം ഏർപ്പെടുത്തി. സ്ത്രീകൾ ശിരോവസ്ത്രം ധരിക്കരുതെന്ന ഉത്തരവ് ഉദാഹരണം. ദീനീ ചിട്ടകളിൽ ജീവിച്ചുപോന്ന മുസ്‌ലിംകൾ അൽബേനിയ വിട്ടുപോകാൻ ഇത് ഇടയാക്കി. അങ്ങനെയാണ് ശൈഖ് നൂഹും കുടുംബവും സിറിയയിലെ ദമസ്കസിലേക്ക് കുടിയേറിയത്.

ദമസ്കസിൽ വെച്ചാണ് ശൈഖ് അൽബാനി അറബി പഠിക്കുന്നത്. അദ്ദേഹവും സഹോദരന്മാരും ജംഇയ്യത്തുൽ ഇസ്ഹാഫിൽ ഖൈരീ സ്കൂളിൽ ചേർന്നു. പ്രാഥമിക വിദ്യാഭ്യാസം അവസാനിക്കുന്നതിന് മുമ്പ് സിറിയൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. സ്കൂൾ അഗ്നിക്കിരയായി. സാറൂജ മാർക്കറ്റിലുള്ള മറ്റൊരു സ്കൂളിൽ പഠനം തുടർന്നു. പിതാവിൽനിന്ന് ഖുർആൻ പാരായണ നിയമങ്ങളും സ്വർഫും ചില ഹനഫീ ഗ്രന്ഥങ്ങളും പഠിച്ചു. നിരവധി പണ്ഡിത ശ്രേഷ്ഠരിൽനിന്ന് വ്യവസ്ഥാപിതമായി ഇസ്‌ലാമിക വിഷയങ്ങൾ പഠിക്കാൻ ശൈഖ് അൽബാനിക്ക് അവസരമുണ്ടായി. ശൈഖ് സഈദുൽ ബുർഹാനിയിൽനിന്ന് 'മറാഖിൽ ഫലാഹും' ചില ആധുനിക സാഹിത്യ ഗ്രന്ഥങ്ങളും അഭ്യസിച്ചു. ഹദീസ് വിജ്ഞാനീയങ്ങളിൽ പ്രത്യേകം വ്യുൽപത്തി കണ്ടറിഞ്ഞ ഉസ്താദ് മുഹമ്മദുൽ മുബാറക്ക് അദ്ദേഹത്തോട് ശൈഖ് റാഹിബുത്ത്വബ്ബാഖിന്റെ കീഴിൽ പഠിക്കണമെന്ന് നിർദേശിച്ചു. അവിടെവെച്ച് അദ്ദേഹം ഹദീസ് വിജ്ഞാനീയങ്ങളിൽ അംഗീകാരം കരസ്ഥമാക്കി.

ശൈഖ് അൽബാനിയെ കൂടുതൽ സ്വാധീനിച്ചവരിലൊ

രാൾ സ്വന്തം പിതാവ് തന്നെയാണ്. മതാനുഷ്ഠാനങ്ങളിൽ നിഷ്കർഷയുണ്ടായിരുന്ന പിതാവ് മകനെ ജുമുഅ-ജമാഅത്തുകൾക്ക് പള്ളിയിലേക്ക് കൊണ്ടുപോവുക പതിവായിരുന്നു. ഇബ്നു അറബി, ശൈഖ് നാബുൽസി, യഹ്യ നബി(അ) തുടങ്ങിയ മഹാന്മാരുടെ ഖബ്റിടങ്ങളുള്ള പള്ളികൾ ലക്ഷ്യമാക്കി പോകുന്ന പിതാവിനെ കുട്ടിക്കാലത്ത് അൽബാനി അനുഗമിച്ചിരുന്നു.

എന്നാൽ കടുത്ത ഹനഫീ മദ്ഹബ് പക്ഷപാതിയായ പിതാവിനോട് ശൈഖ് അൽബാനിക്ക് വിയോജിക്കേണ്ടതായും വന്നു. ദീനിലോ മദ്ഹബിൽ പോലുമോ അടിസ്ഥാനമില്ലാത്ത ആചാരങ്ങളിൽ പിതാവിനുണ്ടായിരുന്ന താൽപര്യം മകന് അംഗീകരിക്കാനായില്ല. ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണങ്ങളിൽ ഊന്നിക്കൊണ്ടുമാത്രം ജീവിക്കാൻ ശൈഖ് അൽബാനി ശ്രദ്ധിച്ചു. ദുർബലമായ ഹദീസുകളെ അദ്ദേഹം പരിഗണിച്ചില്ല. വ്യക്തമായ തെളിവുകളോടെ തന്റെ അഭിപ്രായങ്ങൾ സമർഥിച്ചപ്പോൾ മകന്റെ മുമ്പിൽ പിതാവിന് മൗനം പാലിക്കേണ്ടി വന്നു. ചിലപ്പോൾ സ്വന്തം അഭിപ്രായങ്ങൾ മാറ്റാൻ പിതാവ് തയാറായി. ഇത് പിതൃ-പുത്ര ബന്ധത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. പരമരഹസ്യങ്ങൾവരെ പിതാവ് അദ്ദേഹവുമായി ചർച്ചചെയ്തിരുന്നു.

*ആദ്യകൃതി*: പുണ്യാത്മാക്കളുടെ ഖബ്റിടങ്ങൾ ഉന്നം വെച്ച് പോകുന്നത് പ്രമാണങ്ങൾക്ക് വിരുദ്ധമാണെന്ന് മനസ്സിലാക്കിയ ശൈഖ് അൽബാനി അത് സംബന്ധമായി പിതാവിന്റെ ഗ്രന്ഥശേഖരങ്ങൾ ഉപയോഗപ്പെടുത്തി പഠനം നടത്തി. തന്റെ ഉസ്താദ് ബുർഹാനിയുമായി ചർച്ച നടത്തിയെങ്കിലും അദ്ദേഹത്തിന് തൃപ്തി വന്നില്ല. ശൈഖ് അൽബാനി പഠനങ്ങളുമായി മുമ്പോട്ട് പോയി. ഖുർആനും സുന്നത്തും പണ്ഡിത വചനങ്ങളും സൂക്ഷ്മമായി പരിശോധിച്ചു. തന്റെ കണ്ടെത്തലുകൾ 'തഹ്ദീറുസ്സാജിദി മിൻ ഇത്തിഖാദിൽ ഖുബൂരി മസാജിദ് (ശ്മശാനങ്ങൾ പള്ളികളാക്കി നമസ്കരിക്കുന്നവന്നുള്ള താക്കീത്) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. പ്രധാനമായും രണ്ട് കാര്യങ്ങളിൽ ഊന്നിയാണ് ഈ കൃതി.

1) ഖബ്റുകൾക്കു മേൽ പള്ളി നിർമിക്കുന്നതിന്റെ വിധി.

2) ഇത്തരം പള്ളികളിൽ നമസ്കരിക്കുന്നതിന്റെ വിധി.

### റശീദ് രിദായുടെ സ്വാധീനം

സയ്യിദ് റശീദ് രിദായാണ് ശൈഖ് അൽബാനിയെ ഹദീസ് പഠനത്തിലേക്കാനയിച്ചത്. ചെറുപ്പത്തിലേ ധാരാളമായി വായിക്കുമായിരുന്നു അൽബാനി. അദ്ദേഹത്തിന് വായിക്കാൻ കൂടുതൽ താൽപര്യം അറേബ്യൻ കഥകളായിരുന്നു. പിന്നീട് ഭാഷാന്തരം ചെയ്യപ്പെട്ട ഡിറ്റക്ടീവ് കഥകളിലേക്ക് തിരിഞ്ഞു. പിന്നെ ചരിത്രഗ്രന്ഥങ്ങൾ വായിക്കാനുള്ള ത്വരയായി. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു കച്ചവടക്കാരൻ വിൽപനക്ക് വെച്ച പുസ്തകങ്ങളുടെ കൂട്ടത്തിൽ 'അൽമനാറി'ന്റെ ഒരു ഭാഗം കാണാനിടയായി. അത് വാങ്ങി വായിച്ചു. ഇമാം ഗസ്സാലിയുടെ *ഇഹ്യാ ഉലൂമിദ്ദീനി*നെക്കുറിച്ച പ്രൗഢമായ ഒരു ലേഖനം അതിലുണ്ടായിരുന്നു. ഗുണദോഷങ്ങൾ വിലയിരുത്തുന്ന ഒരു വിമർശന പഠനം. ശൈഖ് അൽബാനിയിൽ അത് വളരെ കൗതുകം ജനിപ്പിച്ചു. ഗ്രന്ഥം മുഴുവൻ അദ്ദേഹം വായിക്കുകയും ചെയ്തു. പുറമെ, ഹാഫിള് ഇറാഖിയുടെ പരിശോധനാ ഗ്രന്ഥവും അദ്ദേഹം സൂക്ഷ്മമായി പഠിച്ചു. ആ പുസ്തകം വാടകക്ക് എടുക്കേണ്ടിയിരുന്നു. സാമ്പത്തിക പ്രയാസങ്ങൾ അതിന് തടസ്സമായി നിന്നു. അങ്ങനെ ആ സൂക്ഷ്മപഠനം മുഴുവൻ പകർത്തിയെടുക്കാനും അത് ചുരുക്കിയെഴുതിവെക്കാനും അദ്ദേഹം സമയം കണ്ടെത്തി. ഹദീസ് വിജ്ഞാനീയ പഠനങ്ങളുമായി മുമ്പോട്ടുപോകാൻ അദ്ദേഹത്തിനു ധൈര്യമായി. കൂടാതെ വിവിധ ഭാഷാ സാഹിത്യ ഗ്രന്ഥങ്ങളുടെ സഹായവും തേടി. ഈ പഠനം പൂർത്തിയായപ്പോൾ മൂന്ന് വാള്യങ്ങളിലായി രണ്ടായിരം പേജുകൾ ഉണ്ടായിരുന്നു. ഇരുപത് വയസ്സുകാരന്റെ ഈ ധീരകൃത്യം പണ്ഡിതലോകത്തെ വിസ്മയിപ്പിച്ചു.

തന്റെ വൈജ്ഞാനിക നേട്ടങ്ങൾക്ക് പ്രധാനമായും രണ്ടു കാരണങ്ങളാണ് കണ്ടെത്താൻ കഴിയുകയെന്ന് ശൈഖ് അൽബാനി പറഞ്ഞിട്ടുണ്ട്. ഒന്ന്, അൽബേനിയയിൽനിന്ന് സിറിയയിലേക്കുള്ള പലായനം. രണ്ട്, വാച്ച്റിപ്പയറിംഗ് പഠിക്കാൻ കഴിഞ്ഞത്. അൽബേനിയയിൽ തന്നെ തങ്ങിയിരുന്നുവെങ്കിൽ അറബിഭാഷ പഠിക്കാനവസരം നഷ്ടപ്പെടുകയും ഖുർആനും സുന്നത്തും മനസ്സിലാക്കാൻ സാധിക്കാതെ വരികയും ചെയ്യുമായിരുന്നു. വാച്ച്റിപ്പയർ പണിയാകട്ടെ, കുറെയധികം ഒഴിവ് സമയങ്ങൾ ഉണ്ടാക്കിക്കൊടുത്തു; ളാഹിരിയ്യ ലൈബ്രറിയിൽ ദിവസവും വായിക്കാൻ അവസരമൊരുക്കി.

സലീമുൽ ഖുസൈബാത്തിയെയും മകൻ ഇസ്സത്തിനെയും അദ്ദേഹം പ്രത്യേകം ഓർക്കുന്നുണ്ട്. ദമസ്കസിലെ വലിയ ഗ്രന്ഥാലയത്തിന്റെ ഉടമകളായിരുന്ന ഇവർ തനിക്കാവശ്യമായ കൃതികൾ പ്രതിഫലം കൂടാതെ നൽകുമായിരുന്നു.

*രണഭൂമിയിൽ*: മനുഷ്യജീവിതം മുഴുവൻ ഇസ്‌ലാമികാടിത്തറയിൽ വേണമെന്നും അതിന് ഖുർആന്റെയും നബിചര്യയുടെയും പിൻബലമുണ്ടായിരിക്കണമെന്നും നിർബന്ധമുള്ളവർക്ക് അനുകരണത്തിന്റെയും മദ്ഹബീ പക്ഷപാതത്തിന്റെയും പിന്നാലെ പോകുന്നവരുമായി ഇടയേണ്ടിവരുമെന്ന് തീർച്ച. ശൈഖ് അൽബാനിയുടെ സലഫീ ചിന്ത അവരുമായി ഏറ്റുമുട്ടിക്കൊണ്ടിരുന്നു.

ഒരിക്കൽ ശൈഖ് അൽബാനി വഹാബീ ചിന്തക്കാരനാണെന്നും അദ്ദേഹം മുസ്‌ലിംകളെ ഭിന്നിപ്പിക്കുകയാണെന്നും കാണിച്ച് ജനങ്ങളുടെ ഒപ്പ് ശേഖരിച്ച് ഒരു വലിയ ഹരജി ചില യാളുകൾ ശാമിലെ മുഫ്തിക്ക് സമർപ്പിച്ചു. മുഫ്തി അത് പോലീസ് മേധാവിക്ക് കൈമാറി. പോലീസ് മേധാവി അൽബാനിയെ വിളിച്ചുവരുത്തിയെങ്കിലും വെറുതെവിടുകയാണുണ്ടായത്.

നോമ്പിന്റെ പ്രതിഫലത്തെക്കുറിച്ച ഒരു ഹദീസ് ഖുത്ബയിൽ കേട്ട ചിലർ ശൈഖ് അൽബാനിയോട് അതിന്റെ നിജസ്ഥിതി ആരാഞ്ഞു. ആ ഹദീസ് ദുർബലമാണെന്ന് അദ്ദേഹം മറുപടി നൽകി. അവർ ഖത്വീബിനെ സമീപിച്ച് സംഭവം വിവരിച്ചു. ഖത്വീബ് തുടർന്നുള്ള ഏതാനും ഖുത്ബകൾ വഹാബിസത്തെ ആഞ്ഞടിക്കാനാണ് ഉപയോഗിച്ചത്. വഴിപിഴച്ചവരായ അക്കൂട്ടരുമായി അടുത്തുപോകരുതെന്നും സന്താനങ്ങളെ അവരിൽനിന്ന് അകറ്റിനിർത്തണമെന്നും ഖത്വീബ് ഉണർത്തി. ആ പള്ളിയിൽ ശൈഖ് നമസ്കരിക്കുന്നത് തടയണമെന്ന് ചിലർ വാദിച്ചു. എന്നാൽ എതിർപ്പുകൾ ആ ദൃഢചിത്തതക്ക് തിളക്കം കൂട്ടുകയാണ് ചെയ്തത്.

സ്നേഹിതരെയും പരിചയക്കാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശൈഖ് ചർച്ചാക്ലാസുകൾ നടത്തിക്കൊണ്ടിരുന്നു. സ്നേഹിതന്മാരുടെ വീടുകളിലാണ് പലപ്പോഴും ചർച്ചാക്ലാസുകൾ നടക്കുക. പിന്നീട് ക്ലാസുകൾ നടത്താനായി ഒരു വീട് വാടകക്കെടുത്തു. ഹദീസുകളും അവയുടെ പരമ്പരകളുമാണ് പഠന വിധേയമാക്കുക. ആളുകൾ അടിക്കടി വർധിച്ചുവന്നതിനാൽ സ്ഥലം മതിയാകാതെ വന്നു. അപ്പോഴേക്കും എതിരാളികൾ ഇടപെട്ടു പരിപാടി നിർത്തിവെപ്പിച്ചു. ശൈഖാവട്ടെ, ഗ്രന്ഥരചനയിലേക്കും പഠന പരിശോധനകളിലേക്കും തിരിച്ചുപോയി.

ദമസ്കസ്, ഹലബ്, ലാദിഖിയ്യ എന്നീ പട്ടണങ്ങളിൽ ചില ഹദീസ് ക്ലാസുകൾക്ക് തുടക്കം കുറിച്ചു. ഹദീസ് വിജ്ഞാനീയങ്ങളിൽ തൽപരരായ പലരും അതിൽ സംബന്ധിച്ചിരുന്നു. ചോദ്യോത്തര-ചർച്ചാ പരിപാടികൾ പുരോഗമിച്ചു വന്നപ്പോൾ എതിരാളികൾ ആഭ്യന്തരമന്ത്രാലയവുമായി ബന്ധപ്പെട്ട് ശൈഖ് അൽബാനിയെ അടുത്ത പ്രദേശത്തേക്ക് നാടുകടത്തി. ജനങ്ങളോട് ഇനി പ്രസംഗിക്കുകയില്ലെന്ന് അദ്ദേഹത്തോട് എഴുതി വാങ്ങിച്ച സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

## മൂർച്ചയേറിയ വിമർശനങ്ങൾ

അവധാനതയും എതിരാളികളോട് സാവകാശവും കാണിക്കുന്നവരാണ് പണ്ഡിതന്മാർ. ശൈഖ് അൽബാനിയും കുറെയേറെ ഈ സ്വഭാവക്കാരൻ തന്നെ. എന്നാൽ ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ വിമർശനം വളരെ രൂക്ഷമായിത്തീരും. ആത്മവിശ്വാസവും സത്യമെന്ന് താൻ വിശ്വസിക്കുന്നതിനോടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുമാകാം ഇതിന്നദ്ദേഹത്തെ പ്രേരിപ്പിച്ചത്. അദ്ദേഹം തന്റെ 'സിൽസിലത്തുൽ അഹാദീസി ദ്ദഈഫ വൽ മൗദൂഅഃ' എന്ന ഗ്രന്ഥത്തിൽ പറയുന്നത് കാണുക: 'ഇമാം അബുൽഹസൻ അൽഖസ്‌വീനിയുടെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് ഇമാം നവവി യാത്ര ഉദ്ദേശിക്കുന്നവൻ 'ലിഈലാഫി ഖുറൈശ്' ഓതുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടു. എല്ലാ ആപത്തിൽനിന്നുമുള്ള രക്ഷയാണതെന്നാണ് അവരുടെ പക്ഷം......... ഇത് ദീനിൽ നടത്തുന്ന നിയമനിർമാണമാണ്. അതിന് തെളിവുകൾ ഇല്ല. ആപത്തിൽ നിന്നുള്ള രക്ഷയാണതെന്ന് അദ്ദേഹത്തിന് എവിടെനിന്ന് കിട്ടി?' (പേജ് : 374).

ഖുർആനും സുന്നത്തും പൂർവികരുടെ രീതിയിലാണ് മനസ്സിലാക്കേണ്ടതെന്നും ശരിയായ തെളിവുകളില്ലാതെ ഒന്നും സ്വീകരിക്കാൻ ബാധ്യതയില്ലെന്നും നിഷ്കർഷ പുലർത്തുന്ന ശൈഖിന്റെ അഭിപ്രായത്തെ മാനിക്കാതിരിക്കാനാവില്ല. സ്വതന്ത്രമായ ഇസ്‌ലാമിക ചിന്ത പുനർജനിക്കാനും ചിന്തകളിൽ അടിഞ്ഞുകൂടിയ ജീർണതകൾ നീക്കം ചെയ്യാനും അതുകൊണ്ടാണ് സാധ്യമാകുക. എന്നിരുന്നാലും തന്റെ രീതിയോട് യോജിക്കാത്തവരെ അതി രൂക്ഷമായി വിമർശിക്കാതെ, കുറച്ചുകൂടി സംയമനത്തിന്റെയും സാവകാശത്തിന്റെയും ശൈലി സ്വീകരിക്കാമായിരുന്നു അദ്ദേഹത്തിനെന്ന് ചിലർക്ക് അഭിപ്രായമുണ്ട്.

## സുദായ സമുദ്ധാരണം

ജീർണതകൾ തുടച്ചുനീക്കി സമുദായത്തെ സമുദ്ധരിക്കാൻ രണ്ട് നിർദേശങ്ങളാണ് ശൈഖ് അൽബാനി മുന്നോട്ട് വെക്കുന്നത്. 1) തസ്ഫിയത്ത് (ശുദ്ധീകരണം). 2) തർബിയത്ത് (ശിക്ഷണം)

വിവിധ സന്ദർഭങ്ങളിൽ കടന്നുകൂടിയ ഇസ്‌ലാംവിരുദ്ധ ദുരാചാരങ്ങളിൽനിന്ന് സമുദായത്തെ ശുദ്ധീകരിക്കലാണ് ഒന്നാമത്തേത്. തിരുസുന്നത്തിന്റെ തണൽ പറ്റിനിൽക്കുന്ന പുതുനിർമിതികളെ (ബിദ്അത്ത്) അറുത്ത് മാറ്റുകയാണ് ആദ്യം വേണ്ടത്. എന്നിട്ട് യഥാർഥ സുന്നത്തിന്റെ വെളിച്ചത്തിൽ ഖുർആൻ വ്യാഖ്യാനിക്കണം. സച്ചരിതരായ പൂർവസൂരികളുടെ ആശയങ്ങളും ചിന്താഗതികളും കൈവിടാൻ പാടില്ല. ഹദീസുമായി ബന്ധപ്പെട്ട സർവ വിജ്ഞാനീയങ്ങളും പഠിക്കുന്നതിലൂടെയാണത് സാധിക്കുക. പാശ്ചാത്യ പഠനങ്ങൾ, ആധുനിക മുസ്‌ലിം ചിന്തകളിൽ നടത്തിയ കടന്നുകയറ്റങ്ങൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്. തത്ത്വശാസ്ത്രം, വിദ്യാഭ്യാസം, കലകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ പാശ്ചാത്യചിന്തയുടെ അധിനിവേശവും പഠനവിധേയമാക്കണം.

പുതുതലമുറയെ ഇസ്‌ലാമിക വിശ്വാസാദർശമനുസരിച്ച് വളർത്തിയെടുക്കലാണ് തർബിയത്ത്. അർപ്പണബോധത്തോടെ ഇബാദത്തുകളിൽ നിഷ്ഠയുള്ളവരാകാൻ അവരെ ശീലിപ്പിക്കണം. ഇബാദത്തുകളുടെ ഭൗതികഫലങ്ങൾ ആദ്യമേ അവർക്ക് ചൊല്ലിക്കൊടുക്കുന്നത് ഗുണകരമല്ല.

## വിലയിരുത്തൽ

തിരുസുന്നത്തിന്റെ സംരക്ഷണത്തിന് ശൈഖ് അൽബാനി നൽകിയ മഹദ് സേവനങ്ങൾ എന്നും ഓർമിക്കപ്പെടും. എന്നാൽ അദ്ദേഹത്തെക്കുറിച്ച് ചില പണ്ഡിതന്മാർ നടത്തിയ എതിരഭിപ്രായങ്ങളെയും വിലകുറച്ചു കാണേണ്ടതില്ല. ചിലത് ശ്രദ്ധിക്കുക:

1) കഴിഞ്ഞുപോയവരും ആധുനികരുമായ പല പണ്ഡിതന്മാരുമായി ആശയവിനിമയം നടത്തുമ്പോൾ പ്രകടിപ്പിച്ച മൂർച്ചയേറിയ ശൈലി മിതത്വം വിട്ടുപോയിട്ടുണ്ട്. അഭിപ്രായ വ്യത്യാസമുള്ളപ്പോൾ പ്രിയപ്പെട്ടവരോടും അതേ മൂർച്ച കാണിക്കാറുണ്ട്.

2) എതിരാളികൾക്ക് നൽകിയ മറുപടികൾ വായനക്കാർ അവധാനതയോടെ മാത്രമേ സ്വീകരിക്കാവൂ. അദ്ദേഹത്തിനും തെറ്റു സംഭവിച്ചിട്ടുണ്ട്.

3) ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളോട് അദ്ദേഹം കാണിച്ച കാർക്കശ്യവും അവരെപ്പറ്റി അദ്ദേഹം നൽകിയ കടുത്ത വിധികളും ചർച്ച ചെയ്യപ്പെടണം.

4) ചില ശർഈ വിധികളെ മതിയായ തെളിവുകളില്ലാതെ അദ്ദേഹം സ്വീകരിക്കുകയും എതിരാളികളെ രൂക്ഷമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്.

5) ഹദീസുകളെ സ്വഹീഹ്, ദഈഫ് എന്നിങ്ങനെ വേർതിരിച്ച് സ്വഹീഹ് മാത്രം അംഗീകരിക്കുക, ദഈഫിന് ഒരു വിലയും നൽകാതിരിക്കുക എന്നത് പൂർവ പണ്ഡിതന്മാരുടെ നടപടിക്രമങ്ങൾക്കെതിരാണ്.

1999 ഒക്ടോബർ രണ്ട് ശനിയാഴ്ച (1420 ജമാദുൽ ആഖിർ)യിലാണ് ശൈഖ് അൽബാനി ചരമമടഞ്ഞത്. 88 വയസ്സായിരുന്നു. ജോർദാൻ തലസ്ഥാനമായ അമ്മാനിലാണ് അദ്ദേഹത്തെ ഖബ്റടക്കിയത്. വേഗം മറമാടണമെന്ന വസ്വിയ്യത്തുള്ളതിനാൽ കേട്ടറിഞ്ഞെത്തിയ രണ്ടായിരത്തോളം പേർ മാത്രമേ ജനാസയെ അനുഗമിച്ചുള്ളൂ. തന്റെ ലൈബ്രറിയിലെ പുസ്തകങ്ങളും കൈയെഴുത്തു പ്രതികളുമെല്ലാം മദീന മുനവ്വറയിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിക്ക് നൽകണമെന്നും വസ്വിയ്യത്ത് ചെയ്തിരുന്നു. സ്വന്തമായി രചിച്ചതും പരിശോധിച്ച് ശരിയാക്കി എഴുതിയതും ഉൾപ്പെടെ 221 കൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇപ്പോഴും അച്ചടിച്ചിട്ടില്ല. പ്രധാനപ്പെട്ടവ താഴെ:

1) 'ഇർവാഉൽ ഗലീൽ ഫീ തഖ്‌രീജി അഹാദീസി മനാരിസ്സബീൽ', 8 വാള്യങ്ങൾ. 2707 ഹദീസുകൾ സംശോധന നടത്തി പ്രസിദ്ധീകരിച്ചത്. ഹമ്പലീ മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമാണിത്.
2) 'സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹ' – 7 വാള്യങ്ങൾ. ഇത് അച്ചടിക്ക് തയാറായിരിക്കുന്നു. ഓരോ വാള്യത്തിലും 500 ഹദീസ് വീതം.
3) സിൽസിലത്തുൽ അഹാദീസിദ്ദഈഫ വൽ മൗദൂഅ – 7 വാള്യങ്ങളിൽ 3500 ഹദീസുകൾ. ഇതിന് എട്ട് വാള്യങ്ങൾ കൂടി ഉണ്ടാവാൻ സാധ്യതയുണ്ട്.
4) സ്വഹീഹുത്തർഗീബി വത്തർഹീബ്, ദഈഫുത്തർഗീബി വത്തർഹീബ്. ഇമാം മുൻദിരിയുടെ അത്തർഗീബു വത്തർഹീബ് എന്ന ബൃഹദ് ഗ്രന്ഥത്തിലെ സ്വഹീഹും ദഈഫും വേർതിരിക്കുന്ന ഗ്രന്ഥം.
5) സ്വഹീഹുൽ ജാമിഇസ്സ്വഗീർ വസിയാദതുഹു – 8202 ഹദീസ് ഉൾപ്പെടുത്തിയത്.
6) ദഈഫുൽ ജാമിഇസ്സ്വഗീരി വസിയാദത്തുഹു – 6468 ഹദീസുകൾ
7) സ്വഹീഹു സുനനി ഇബ്നുമാജ (രണ്ടുവാള്യം)
8) ദഈഫുസുനനി ഇബ്നുമാജ (ഒരു വാള്യം)
9) സ്വഹീഹുസുനനി അബീദാവൂദ് (മൂന്ന് വാള്യം)
10) ദഈഫ് സുനനി അബീദാവൂദ് (ഒരു വാള്യം)
11) സ്വഹീഹുസുനനിത്തിർമിദി (മൂന്ന് വാള്യം)
12) ദഈഫു സുനനിത്തിർമിദി (ഒരു വാള്യം)
13) സ്വഹീഹു സുനനി ന്നസാഈ (മൂന്നു വാള്യം)
14) ദഈഫു സുനനി ന്നസാഈ (ഒരു വാള്യം)
15) മുഖ്തസ്വറു സ്വഹീഹിൽ ബുഖാരി (നാല് വാള്യം)
16) ഫിഹ്റസ് മഖ്തൂത്വാത്തുള്ളാഹിരിയ്യ ഫീ ഇൽമിൽ ഹദീസ്